23/11/21.

6/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1707(6)/2015/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.11166/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുരേഷ് കുമാർ,
ചന്ദ്രവിലാസം, വെട്ടുവിള,
കെ.എസ്. റോഡ്, കോവളം പി.ഒ.,
തിരുവനന്തപുരം-695 527 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പോലീസ് സബ് ഇൻസ്പെക്ടർ,
   കോവളം പോലീസ് സ്റ്റേഷൻ,
   തിരുവനന്തപുരം
2. അപ്പീൽ അധികാരി &
   പോലീസ് സർക്കിൾ ഇൻസ്പെക്ടർ,
   പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,
   കോവളം, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 31.05.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.07.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01.07.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 29.03.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 29.10.2021 & കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുരേഷ് കുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ തെറ്റായ മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ യാതൊരുവിധ മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 18.05.2015 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, എഫ്.ഐ.ആർ. 1334/14 കേസുമായി ബന്ധപ്പെട്ട എ.എസ്.ഐ. യുടെ പേര് റ്റി. നമ്പർ, എച്ച്.സി.യുടെ പേര് റ്റി. നമ്പർ എന്നിവ ലഭ്യമാക്കണമെന്നാണ്. ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 31.05.2015 തീയതി നൽകിയ മറുപടിയിന്മേൽ അറിയിച്ചത് എഫ്.ഐ.ആർ. 1334/14 നമ്പർ കേസിൽ ഹർജികക്ഷിയെ അറസ്റ്റ് ചെയ്തത് ഫോർട്ട് എ.സി. ആണെന്നും ആയതിനാൽ ടിയാന് ഫോർട്ട് എ.സി. ഓഫീസുമായി ബന്ധപ്പെട്ട് ടി കേസ്സിലെ വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണെന്നാണ്. ആയതിനാൽ ഹർജിക്കാരൻ 17.06.2015 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന്മേൽ രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 29.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷിയുടെ പരാതിക്കാസ്പദമായ സംഭവം നടക്കുന്നത് 2014 ൽ ആണെന്നും മറുപടി നൽകിയിരിക്കുന്നത് കോവളം പോലീസ് സ്റ്റേഷൻ വിഴിഞ്ഞം സർക്കിളിനു കീഴിലായിരിക്കെ 2015 ലെ വിഴിഞ്ഞം സർക്കിൾ ഇൻസ്പെക്ടർ കൊടുത്തതാണെന്നും കോവളം പോലീസ് സ്റ്റേഷൻ ക്രൈം 1334/2014 നമ്പർ കേസിന്റെ സി.ഡി. ഫയൽ പരിശോധിച്ചാണ് മുൻ കോവളം എസ്.എച്ച്.ഒ. മറുപടി കൊടുത്തിട്ടുള്ളതാണെന്നും നിലവിലെ എസ്.എച്ച്.ഒ. യും കോവളം പോലീസ് സ്റ്റേഷൻ ക്രൈം 1334/2014, U/s 506(1) IPC & 3(1)(XI) of SC/ST പ്രകാരമുള്ള കേസിന്റെ സി.ഡി ഫയൽ പരിശോധിച്ചതിൽ പ്രതിയെ അറസ്റ്റ് ചെയ്തത് ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ആയിരുന്ന ശ്രീ. സുധാകരൻ പിള്ള ആണെന്നും 08.05.2015 ൽ റിമാന്റ് അപേക്ഷയുമായി കോടതിയിൽ ഹാജരാക്കിയത് ജി.എസ്.ഐ. ശ്രീ. ശശിയും SCPO 4304 ശ്രീ. സന്തോഷും കൂടിയാണെന്നും കാണുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 18.05.2015 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 31.05.2015 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 17.06.2015 ൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ അപ്പീൽ അധികാരി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നില്ല. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിയുടെ പ്രതിനിധി സബ് ഇൻസ്പെക്ടർ ശ്രീ. കെ. വിനോദ് മൊഴി നൽകിയത് ഹർജികക്ഷിയെ അറസ്റ്റ് ചെയ്തത് ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. സുധാകരൻ പിള്ള ആണെന്നും 08.05.2015 ൽ

റിമാന്റ് അപേക്ഷയുമായി കോടതിയിൽ ഹാജരാക്കിയത് ജി.എസ്.ഐ. ശശിയും, SCPO 4304 ശ്രീ. സന്തോഷും ടി വിവരങ്ങൾ ഹർജികക്ഷിയെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്. 29.10.2021 തീയതി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജിക്കാരന് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം അറിയിക്കുകയോ ചെയ്തില്ല. അപ്പീൽ ഹർജികക്ഷി ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും പകർപ്പുകളും എല്ലാംതന്നെ 26.07.2015 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. കമ്മീഷൻ മുമ്പാകെ നൽകിയ റിപ്പോർട്ടുകളും കോവളം പോലീസ് സ്റ്റേഷൻ ക്രൈം 1334/14 -ാം നമ്പർ FIR പകർപ്പും അറസ്റ്റ് വിവരങ്ങളടക്കം എല്ലാ വിവരങ്ങളും ഹർജികക്ഷിക്കു നൽകിയിട്ടുള്ളതായും രേഖപ്പെടുത്തി കാണുന്നു. ആയതിന്റെ പകർപ്പ് കമ്മീഷന് നൽകിയിട്ടുള്ളതായും കാണുന്നു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 06-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp